# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2222 26.03.2013 -ൽ മറുപടിക്ക്

**നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാർക്ക് ട്രെയിനിംഗ് നല്കിയത് സംബന്ധിച്ച പരാതി**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ)നിർമ്മിതി കേന്ദ്രത്തിലെ ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാർക്കായി പോണ്ടിച്ചേരി സ്റ്റേറ്റിൽ ഓറോവില്ലിൽ നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിന് ഗവൺമെന്റ് അനുവാദം നല്കി യിട്ടുണ്ടോ; | (എ) | നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ കപ്പാസിറ്റി ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാമിന് 18.11.2010–ലെ ജി.ഒ(ആർ.റ്റി) 32/10/ഭവനം നം. ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് അനുമതി നൽകിയിട്ടുണ്ട്. കപ്പാസിറ്റി ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം നിർമ്മിതിയിലെ എല്ലാ വിഭാഗം ജീവനക്കാരേയും ഉദ്ദേശിച്ച കൊണ്ടാണ് നടത്തി വരുന്നത്. |
| (ബി)എങ്കിൽ ഈ ഇനത്തിൽ എത്ര രൂപ ചെലവായി; | (ബി) | Rs.1,03,712 (ഒരു ലക്ഷത്തി മൂവായിരത്തി എഴുനൂറ്റി പന്ത്രണ്ട് രൂപ) ചെലവായി. |
| (സി)ട്രെയിനിംഗിന് പോയ ജീവന ക്കാരുടെ പേരും തസ്തികയും വ്യക്തമാക്കാമോ; | (സി) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി)ഏത് പദ്ധതി പ്രകാരമാണ് ഈ ട്രെയിനിംഗ് നടത്തിയത് ; | (ഡി) | സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാർക്കുള്ള കപ്പാസിറ്റി ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം പ്ലാൻ 2011-12 പ്രകാരമാണ് ട്രെയിനിംഗ് നടത്തിയത്. |

| | | | |
|---|---|---|---|
| (ഇ) ട്രെയിനിംഗ് പ്രോഗ്രാമിൽ എന്തെല്ലാം കാര്യങ്ങളാണ് ഇവരെ പഠിപ്പിച്ചത്; | (ഇ) | ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ വിവിധ കെട്ടിട നിർമ്മാണ രീതികളെപ്പറ്റി നേരിട്ട് കണ്ട് മനസ്സിലാക്കുവാനും, എർത്ത് ആർക്കിടെക്ചർ, സുസ്ഥിര വികസനം, റാമ്പ്ട് എർത്ത് കൺസ്ട്രക്ഷൻ മെത്തഡോളജി, നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം, ഹരിത കെട്ടിടങ്ങളെ സംബന്ധിച്ചും, ഗ്രീൻ മെറ്റീരിയൽസിനെക്കുറിച്ചും ഉള്ള അവബോധം സൃഷ്ടിക്കൽ എന്നിവ ഈ പരിശീലനത്തിലൂടെ നൽകാൻ സാധിച്ചു. കൂടാതെ സുസ്ഥിര നിർമ്മാണ രീതികളെക്കുറിച്ചുള്ള അറിവ് നൽകുവാനും കഴിഞ്ഞു. |
| (എഫ്)ഈ യാത്രയെ സംബന്ധിച്ച പരാതികളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ നടപടി ഏതുവരെയായി; വ്യക്തമാക്കാമോ; | (എഫ്) | പരാതിയൊന്നും ലഭിച്ചിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. Shri.Jayan,R — Chief Technical Officer i/c
2. Shri.Girish.M — Regional Engineer i/c, Palakkad
3. Shri.Ravindran — Regional Engineer i/c, Wayanad
4. Smt.Sathi Devi — Regional Engineeri/c, Thrissur
5. Smt.Cinimol — Regional Engineer i/c, Muttom
6. Smt.Lekha.A.C — Regional Engineer i/c, Kottarakkara
7. Shri.Binoy Mathew — Regional Engineer i/c, Pala
8. Shri.Jose J Thomas — Regional Engineer i/c, Adoor
9. Shri.Byju.S — Regional Engineer i/c, Bartonhill
10. Smt.Seena Wahab — Regional Engineer i/c, Vattiyoorkavu
11. Smt.Shana.S — Overseer, Vattiyoorkavu
12. Shri.Ajith K.R — Sub Engineer, Head Office
13. Smt.Mary Sini Robinson — Computer Engineer, Head Office
14. Smt.Manjusha.V.K — Overseer, Head Office
15. Smt.Sobha.S — Junior Engineer, Head Office
16. Smt.Rekha Rani — Draughtsman, Head Office
17. Shri.Harikrishnan — Draughtsman, Vattiyoorkavu
18. Shri.Rajesh P.K — Sub Engineer, Kottayam
19. Shri. S.Radhakrishnan — Project Coordinator & Administration Manager i/c, H.O
20. Shri.Nasim K Thangal — Asst.Manager, Head Office
21. Smt. Ananda Kumari — Deputy Manager (Accounts), Head Office
22. Smt.Asha.K — Asst. Manager (Accounts), Head Office
23. Smt.Sreedevi.R — Secretarial Assistant, Head Office
24. Smt.Beena.P — Secretarial Assistant, Head Office

Section Officer